(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിക്കുവേണ്ടി എത്ര ആദിവാസികളിൽനിന്ന് അപേക്ഷ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി ; എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തീർപ്പാക്കിയ അപേക്ഷകൾ പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിന് വിവിധ പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 3135 അപേക്ഷകൾ ലഭിക്കുകയും 563 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. ഇതിൽ 441 പേർക്ക് ഭൂമി വാങ്ങി നൽകി. ഇനിയും 2572 അപേക്ഷകൾകൂടി തീർപ്പാക്കാനുണ്ട്.

(സി) 563 അപേക്ഷകൾ തീർപ്പാക്കി അർഹരായ 441 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 122 അപേക്ഷ മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്തതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി.

പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി

208(2200) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡി നടപ്പിലാക്കിയിട്ടുണ്ടോ ; എന്നാണ് പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ; ആയത് നടപ്പിലാക്കുവാൻ കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് സർക്കാരിലെ പി & എ.ആർ.ഡി. മുഖേന വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ വർദ്ധിച്ചുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജോലിഭാരം, വിവിധ നിയമസഭാ കമ്മിറ്റികളുടെ ശുപാർശകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യപ്രകാരം 2010-ൽ വർക്ക് സ്റ്റഡി നടത്തുകയും ആയതിന്റെ റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു:

1. ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു ടൈബൽ ഡെവലപ്മെന്റ് ഓഫീസ് സ്ഥാപിക്കുക.
2. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി 5 ടൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ.
3. വകുപ്പിന് കീഴിലുള്ള 48 ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർക്കും ശുപാർശ ചെയ്തിട്ടുള്ള ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർക്കുമായി ഓരോ ക്ലാർക്ക് തസ്തികകൾ.
4. പ്രീമെട്രിക് ഹോസ്റ്റലുകളിൽ അധികമായി വാർഡൻ, വാച്ച്മാൻ, പാർട്ട്ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കുക.

(ബി) 9-11-2010-ൽ സമർപ്പിച്ച ടി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്

209(2201) ശ്രീ. വി. റ്റി ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്;